# ദർശനം

എം. എൻ. കാരശ്ശേരി



ദർശനം

എം. എൻ. കാരശ്ശേരി
(മലയാളം: ഹാസ്യലേഖനം)

© 2024, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.


The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Sunset on the Beach at Sark, a painting by Unknown artist. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ദർശനം



കാരൂർ നീലകണ്ഠപ്പിള്ള

മലയാളകഥാസാഹിത്യം ദാർശനികതയുമായി ഗാഢപരിചയം നേടുന്നത് ബഷീറിന്റെ വരവോടുകൂടിയാണ്. വ്യക്തിപരവും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ മാനുഷിക പ്രശ്നങ്ങൾ യഥാതഥവും കാൽപനികവുമായ തലങ്ങളിൽ നിന്നുകൊണ്ട് ധാരാളമായി മലയാള സാഹിത്യകാരന്മാർ ചിത്രീകരിച്ചുകൊണ്ടിരുന്ന കാലത്താണ് ഈ എഴുത്തുകാരൻ എഴുതിത്തെളിയുന്നത്. ചൂഷണത്തിനും അനീതികൾക്കുമെതിരെ ആ കാലത്തെ പ്രധാനപ്പെട്ട എഴുത്തുകാരായ തകഴി ശിവശങ്കരപ്പിള്ള, പി. കേശവദേവ്, കാരൂർ നീലകണ്ഠപ്പിള്ള (1898–1975), പൊൻകുന്നം വർക്കി, ലളിതാംബിക അന്തർജ്ജനം (1909–1987) തുടങ്ങി പലരും എഴുതിയിരുന്നു. നവോത്ഥാനമുന്നേറ്റങ്ങൾ സജീവമായിരുന്ന സന്ദർഭം. ഇമ്മാതിരി ആശയലോകങ്ങളിലേക്കെല്ലാം കണ്ണുതുറക്കാൻ രാഷ്ട്രീയ പ്രവർത്തനവും പത്രപ്രവർത്തനവും യാത്രകളും സുഹൃദ്ബന്ധങ്ങളും ബഷീറിനെ സഹായിച്ചു. ഇവയുടെയെല്ലാം സ്വാധീനം കൂടിയ അളവിലോ കുറഞ്ഞ അളവിലോ ബഷീർകൃതികളിൽ തെളിയുന്നു.



പൊൻകുന്നം വർക്കി

ഇതിന്റെയെല്ലാം നടുവിൽ നിന്നുകൊണ്ട് എന്താണ് ജീവിതം, എന്തിനുവേണ്ടിയാണ് ജീവിതം, അതിന്റെ ഉൾസാരം എന്താണ് തുടങ്ങിയ ദാർശനിക പ്രശ്നങ്ങൾ അദ്ദേഹത്തെ മഥിച്ചുകൊണ്ടേയിരുന്നു. ആ പൊരുൾ തേടി, യൗവനകാലം മുഴുവൻ രാഷ്ട്രീയ പ്രവർത്തകനായും പത്രപ്രവർത്തകനായും സന്യാസിയായും കാമുകനായും തെണ്ടിയലഞ്ഞവനാണ് ബഷീർ. സാമൂഹികവും രാഷ്ട്രീയവുമായ പ്രശ്നങ്ങൾ പരിഹരിച്ചുകഴിഞ്ഞാലും ജീവിതം എന്ന പ്രശ്നം പരിഹാരമേതുമില്ലാതെ കിടപ്പാണല്ലോ എന്ന ശോകം ബഷീറിൽ എപ്പോഴും ബാക്കിയാവുന്നു.

എല്ലാം ആത്യന്തികമായി കഷ്ടത്തിലും നഷ്ടത്തിലും നിരർത്ഥകതയിലും ചെന്ന് അവസാനിച്ചുപോകുന്നു. ദുരന്തങ്ങൾ ജീവിതത്തെ നിരന്തരം വേട്ടയാടുന്നു. അവയെപ്പറ്റി പരാതിപറയുന്നതോ, ഓർത്ത് വിലപിക്കുന്നതോ ബഷീറിന്റെ രീതിയല്ല. ദുഃഖങ്ങളും ദുരിതങ്ങളും ജീവിതത്തിന്റെ സഹജസ്വഭാവമായതുകൊണ്ട് അതിനെ അമ്മട്ടിൽ സ്വീകരിച്ച് ചിരിക്കാനാണ് മൂപ്പർക്ക് താൽപര്യം.



ലളിതാംബിക അന്തർജ്ജനം

മരണം എപ്പോഴും തന്റെ കൂടെയുണ്ട് എന്നൊരു വെളിവ് ഉണ്ടായിരുന്ന ബഷീർ ഒരു നോവലിന് പേരിട്ടിരിക്കുന്നത് മരണത്തിന്റെ നിഴലിൽ എന്നാണ്. പലവട്ടം അദ്ദേഹം എന്നോട് പറഞ്ഞിട്ടുണ്ട്: ‘നാളെ രാവിലെ ഉണർന്നെഴുന്നേൽക്കുകയില്ല എന്ന ഉറപ്പിലാണ് ഞാൻ നിത്യവും ഉറങ്ങാൻ കിടക്കുന്നത്.’ അദ്ദേഹത്തിന്റെ വ്യക്തിജീവിതമോ രചനകളോ മരണത്തെ പേടിക്കുന്നില്ല, സ്നേഹിക്കുന്നുമില്ല. ജീവിതത്തിന്റെ സ്വാഭാവികമായ പരിണാമം എന്ന നിലയിൽ നിസ്സംഗമായി മരണത്തെ നോക്കിക്കാണുക എന്നതാണ് നിലപാട്.

ആദ്യകാലരചനകളിലൊന്നായ ‘ജീവിതം’ എന്ന ചെറുകഥയിൽ (‘അനർഘനിമിഷം’) മനുഷ്യജീവി ജീവിതത്തിന്റെ വിവിധകാലഘട്ടങ്ങളിലൂടെ കടന്നുചെന്ന് അതിന്റെ പൊരുൾ അന്വേഷിക്കുന്നതായും ഒന്നും പിടികിട്ടാതെ നട്ടം തിരിയുന്നതായും ചിത്രീകരിച്ചിട്ടുണ്ട്. ‘അനന്തതയിലേക്കുള്ള യാത്രയാണ് ജീവിതം’ എന്നാണ് ആ ചെറുകഥ അവസാനിക്കുന്നത്.

ഹ്രസ്വവും നശ്വരവുമാണ് ജീവിതം എന്ന് ബഷീർ എവിടെയും അടയാളപ്പെടുത്തുന്നുണ്ട്. എങ്കിലും അതിനെ തുച്ഛമായിക്കാണുന്നില്ല. ഏത് ജീവജാലത്തിന്റെ എമ്മട്ടിലുള്ള ജീവിതവും വിലപിടിച്ചതുതന്നെ. കരുണാമയനായ ദൈവത്തിന്റെ ദാനം ആയിക്കിട്ടിയ ജീവിതം ഒരു ഭാഗ്യമായി കാണണം എന്ന് ആവർത്തിച്ചു പറയും. അധികാരം, സമ്പത്ത്, കാമം, പ്രതികാരം, ശക്തി മുതലായവയോടു മനുഷ്യജീവികൾക്കുള്ള ആർത്തി ജീവിതത്തെ ദുരിതമയമാക്കുന്നു. അഹങ്കാരം, അസൂയ, പൊങ്ങച്ചം തുടങ്ങിയ ജീർണതകൾ വലുതും ചെറുതുമായ കഷ്ടപ്പാടുകൾ കെട്ടിയേൽപ്പിക്കുന്നു.

ജീവിതത്തിന് സ്വന്തം നിലയിൽ അർത്ഥമില്ല. നന്മകൊണ്ട് അതിന് അർത്ഥം കൊടുക്കണം എന്നാണ് അദ്ദേഹം പറഞ്ഞുവെയ്ക്കുന്നത്.

നന്മയുടെ വെളിച്ചം എന്ന് ബഷീറിന്റെ സാഹിത്യത്തെ വിശേഷിപ്പിക്കാം. കള്ളന്മാരെയും കൊലപാതകികളെയും ലൈംഗികത്തൊഴിലാളികളെയും നന്മതിന്മകളുടെ സമ്മിശ്രമായി മാത്രം കാണാൻ കഴിയുന്ന എഴുത്തുകാരനാണദ്ദേഹം: തിന്മയുടെ ഏത് അന്ധകൂപത്തിലും നന്മയുടെ ഒരു പൊരി കിടപ്പുണ്ടാവും.

നന്മയുടെ മഹത്തായ ആവിഷ്കാരം എന്ന നിലയിൽ മലയാളികൾ എന്നും ഓർത്തുവെക്കുന്ന ‘ഒരു മനുഷ്യൻ’ എന്ന ചെറുകഥ (പാവപ്പെട്ടവരുടെ വേശ്യ) ബഷീറിന്റേതാണ്. നാല് പേജ് മാത്രമുള്ള ചെറിയൊരു കഥയാണത്: ബഷീർ തെണ്ടിയലയുന്ന കാലം. നാട്ടിൽ നിന്ന് അനേകമനേകം മൈൽ അകലെ മലയടിവാരത്തിലുള്ള ഏതോ ഗ്രാമം. പണത്തിനുവേണ്ടി ആളെ കൊല്ലാൻ വരെ മടിക്കാത്ത ക്രൂരന്മാർ ഏറെയുള്ള പ്രദേശം. ബഷീർ കോട്ടിന്റെ പേഴ്സിൽ കാശുണ്ടല്ലോ എന്ന ബലത്തിൽ ഹോട്ടലിൽ കയറി വയറ് നിറയെ ആഹാരം കഴിച്ചു. പൈസകൊടുക്കാൻ നോക്കുമ്പോൾ പേഴ്സ് കാണുന്നില്ല. ഹോട്ടൽക്കാരൻ ആ കഥ വിശ്വസിച്ചില്ല. അയാൾ കോട്ടും ഷർട്ടും ഷൂസും എല്ലാം ഊരാൻ പറഞ്ഞു. അവസാനം ട്രൗസറും. കണ്ടുനിന്നവർ ചിരിച്ചു. ഹോട്ടൽക്കാരൻ പറഞ്ഞു: ‘എനിക്ക് സംശയമാണ്. അടിയിൽ എന്തെങ്കിലും കാണും.’ അവസാനം അതും അഴിച്ച് നഗ്നനാവേണ്ട ഘട്ടത്തിൽ ചുവന്ന തലപ്പാവും കറുത്ത കോട്ടും കൊമ്പൻ മീശയും നീലക്കണ്ണുകളുമുള്ള ഒരു ആറടി പൊക്കക്കാരൻ വന്ന് പണം കൊടുത്ത് ആ മാനക്കേടിൽ നിന്ന് രക്ഷിച്ചു. അതു കഴിഞ്ഞ് അയാൾ ബഷീറിനെയും കൂട്ടി ദൂരേക്ക് നടന്നു. ആളില്ലാത്ത സ്ഥലത്തെത്തിയപ്പോൾ കോട്ടിന്റെ പല പോക്കറ്റുകളിൽ നിന്നായി അഞ്ചാറു പേഴ്സുകൾ പുറത്തെടുത്തു. എന്നിട്ട് ചോദിച്ചു: ‘ഇതിൽ ഏതാണ് നിങ്ങളുടേത്?’ ബഷീർ തന്റേത് തൊട്ടുകാണിച്ചുകൊടുത്തു. അയാൾ ആ പേഴ്സ് മടക്കിക്കൊടുത്തു. തുറന്നു നോക്കുമ്പോൾ പണം മുഴുവൻ ഭദ്രമായി അതിൽ കിടപ്പുണ്ട്. അയാൾ പറഞ്ഞു: ‘പോ. ദൈവം നിങ്ങളെ രക്ഷിക്കട്ടെ.’ ബഷീറിന്റെ മറുപടി: ‘ദൈവം നിങ്ങളെയും... എന്നെയും... എല്ലാവരെയും രക്ഷിക്കട്ടെ.’

ഒരു മനുഷ്യന്റെ ദൈന്യം വളരെ ക്രൂരനായ പോക്കറ്റടിക്കാരന്റെ ഉള്ളുലച്ചത് എങ്ങനെയെന്നും അവിശ്വസനീയമായ രീതിയിൽ അയാളിൽ മനുഷ്യപ്പറ്റ് ഉറന്നുവന്നത് എങ്ങനെയെന്നും ആഴത്തിൽ ചിത്രീകരിക്കുന്ന ഈ കഥ ബഷീറിന്റെ ജീവിതവീക്ഷണത്തിന്റെ കൊടിയടയാളമാവാൻ യോഗ്യമാണ്.

ആ പ്രപഞ്ചത്തിൽ വെറുക്കപ്പെടേണ്ടതായി ആരുമില്ല.

എല്ലാവർക്കും എപ്പോഴും നന്മമാത്രം വരണം എന്ന ആഗ്രഹിക്കുന്ന ഈ സാഹിത്യകാരൻ തന്റെ എല്ലാ രചനകൾക്കടിയിലും ‘മംഗളം, ശുഭം’ എന്നീ രണ്ടു പദങ്ങൾ എപ്പോഴും എഴുതി വെയ്ക്കും.

ഈ നന്മയുടെ രൂപാന്തരമായിട്ടാണ് ബഷീറിന്റെ രചനകളിൽ സ്നേഹം ആവിഷ്ക്കാരം കൊള്ളുന്നത്. പാപപങ്കിലമായ ജീവിതം കൊണ്ട് നന്മയുടെ ചെറിയൊരു പൊരി ഉൽപ്പാദിപ്പിച്ച് നശ്വരമായ ജന്മത്തിന്റെ മഹിമ അടയാളപ്പെടുത്തിയ പോക്കറ്റടിക്കാരനെപ്പോലെ ബഷീറിന്റെ മിക്ക കഥാപാത്രങ്ങളും മനുഷ്യജീവിതത്തിന്റെ തുച്ഛതയെ സ്നേഹംകൊണ്ട് പ്രതിരോധിക്കുന്നതായിക്കാണാം.

നന്മയുടെയും സ്നേഹത്തിന്റെയും മറ്റൊരു പ്രത്യക്ഷം ആയിട്ടാണ് ഈ ലോകത്ത് സൗന്ദര്യം പുലരുന്നത്. മതിലുകൾ എന്ന നോവലിൽ പ്രണയം വരുന്നതോടെ തടവറപോലും ‘സുന്ദരം’ ആയിത്തീരുന്നു. നന്മയും സ്നേഹവും ഉള്ളവർക്കെല്ലാം സൗന്ദര്യമുണ്ട് എന്നാണ് ബഷീറിന്റെ കണക്ക്.

അന്യരുടെ ദുഃഖങ്ങളിലും ദുരിതങ്ങളിലും പങ്കാളികളാവുന്നതിലൂടെ മറ്റുള്ളവർക്ക് വേണ്ടി ജീവിക്കുന്നതിന്റെ മഹിമയാണ് ബഷീർകൃതികൾ ചിത്രീകരിക്കുന്നത്. മറ്റുള്ളവർക്ക് വേണ്ടി ദുഃഖം ഏറ്റുവാങ്ങുന്നതിലെ ‘സുഖം’ ആണ് അവർക്ക് ജീവിതാനന്ദം. കഥാബീജം എന്ന നാടകത്തിൽ നായകൻ സദാശിവൻ ബഷീറിന്റെ പ്രിയസുഹൃത്തും പ്രശസ്ത കവിയുമായ ജി. ശങ്കരക്കുറുപ്പിന്റെ ‘നക്ഷത്രഗീതം’ എന്ന കവിത മുഴുവൻ ആലപിക്കുന്നതായി കാണിച്ചിട്ടുണ്ട്. ആ കവിത ഇങ്ങനെ തുടങ്ങുന്നു:

> എരിയും സ്നേഹാർദ്രമാമെന്റെ ജീവിതത്തിന്റെ
> തിരിയിൽ ജ്വലിക്കട്ടെ ദിവ്യമാം ദുഃഖജ്വാല

ഇങ്ങനെ അവസാനിക്കുന്നു:

> ജീവിതമെനിക്കൊരു ചൂളയായിരുന്നപ്പോൾ
> ഭുവിനാ വെളിച്ചത്താൽ
> വെണ്മ ഞാനുളവാക്കി.

‘ഉമ്മിണി ബല്യ ഒന്ന്’ എന്ന മജീദിന്റെ ഉത്തരത്തിന് ഒരു വിദ്യാർത്ഥിയുടെ വിഡ്ഢിത്തത്തിനപ്പുറം അർത്ഥമുണ്ട് എന്ന് ഞാൻ വിചാരിക്കുന്നു. രണ്ടു ചെറു പുഴകൾ ഒന്നായിച്ചേർന്ന് അല്പം വലിയ പുഴയായി ഒഴുകുന്ന ദൃശ്യം ഓർത്തു കൊണ്ടാണ് മജീദ് ഈ ഉത്തരം പറയുന്നത്. പ്രകൃതിയിലെ ഈ ശക്തി ഗണിതശാസ്ത്രത്തിലെ യുക്തിയേക്കാൾ പ്രധാനമാണ്. ഞാനും നീയും ചേർന്ന് വലിയ ഞാനാകുന്ന മേഖലയാണിത്. “ഞാൻമാർ” എന്ന വ്യാകരണപ്പിഴ ബഷീറിൽ എപ്പോഴും ശരിയായിത്തീരുന്നു. നീയും ഞാനും അവനും ചേർന്ന് ഒറ്റയൊന്നായി പ്രവഹിക്കുന്ന ബഷീറിയൻസമഗ്രബോധത്തിന്റെ, സമന്വയവികാരത്തിന്റെ അദ്വൈതദർശനം തന്നെയാണ് ‘ഈ ഉമ്മിണി ബല്യ ഒന്ന്.’

സുഖസൗകര്യങ്ങൾ അന്യർക്കുവേണ്ടിയും അസൗകര്യങ്ങൾ അവനവനുവേണ്ടിയും തെരഞ്ഞെടുക്കുന്ന സ്നേഹത്തിന്റെ ഈ ആത്മീയതയാണ് ബഷീറിന്റെ ദർശനം. അനന്തവും അതിസുന്ദരവും അത്യന്തവിസ്മയകരവുമായ ഈ പ്രപഞ്ചത്തിലെ ഏകാന്തവും നിരർത്ഥകവുമായ മനുഷ്യജീവിതത്തിന്റെ ശോകാർദ്രമായ അസംബന്ധതയ്ക്ക് സ്നേഹം ആശ്വാസമാവുമെന്ന് ഒരിളം ചിരിയോടെ ബഷീർ പറഞ്ഞുകൊണ്ടേയിരിക്കുന്നു.

വലുതോ ചെറുതോ ആയ അനുഭവത്തിന്റെ അഗാധതലങ്ങളിലൂടെ ജീവിതത്തിന്റെ സമസ്യകൾ അന്വേഷിച്ചുചെല്ലുന്ന ഈ കഥപറച്ചിലുകാരൻ വ്യക്തി ജീവിതം കൊണ്ടും സാഹിത്യജീവിതം കൊണ്ടും മലയാളത്തിൽ ഒരപൂർവ്വതയായി നിലനിൽക്കുന്നു. ദേശത്തിന്റെയും മതത്തിന്റെയും ജാതിയുടെയും പണത്തിന്റെയും പാണ്ഡിത്യത്തിന്റെയും ലിംഗഭേദത്തിന്റെയും അധികാരത്തിന്റെയും ദുശ്ശാഠ്യങ്ങളെ നർമ്മത്തിന്റെ സുഗന്ധവാഹിനികളിൽ അലിയിപ്പിച്ചു കളയുന്ന ആ മനുഷ്യൻ, ‘ബഷീർ’ എന്ന പദം അർത്ഥമാക്കുന്നതുപോലെ, ഒരു ‘സുവിശേഷകൻ’ ആണ്—പുതിയൊരു ലോകബോധത്തിന്റെ സുവിശേഷകൻ.

പ്രകൃതിയും ജീവജാലങ്ങളും മനുഷ്യരും ഒരുപോലെ പങ്കുപറ്റുന്ന സ്നേഹത്തിന്റെ ആത്മീയതയാണ് ആ സൂഫിയുടെ തിരുശേഷിപ്പ്.

□

# എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്‌യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണു് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണു്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണു്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണു്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണു്.